# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ: 19

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

ജൂൺ മാസം 6–ാം തീയതി ഞായറാഴ്ച നാം സഭയായി വൈദിക ദിനം ആചരിക്കുകയാണ്. അന്ന് നമ്മുടെ എല്ലാ വൈദീകരെയും ഓർത്ത് പ്രാർത്ഥിക്കുകയും സ്തോത്രം ചെയ്യുകയും വേണം. അവരുടെ ശുശ്രൂഷ പരിശുദ്ധാത്മ പ്രേരിതവും, ഏവർക്കും അനുഗ്രഹപ്രദവും ആയി ത്തീരട്ടെ.

നമ്മുടെ വൈദീകരെയും അവരുടെ കുടുംബാംഗങ്ങളെയും രോഗാവസ്ഥയിൽ സഹായിക്കേണ്ട ചുമതല നമുക്കുണ്ട്. കോവിഡ്–19 മൂലം നമ്മുടെ പല പട്ടക്കാരും കുടുംബാംഗങ്ങളും ചികിത്സയി ലാകുകയും ഏതാനും ചിലർ നിത്യസ്വസ്ഥതയിൽ പ്രവേശിക്കുകയും ചെയ്തു. മരുന്നിന്റെയും ചികിത്സയുടെയും ചെലവുകൾ അനുദിനം നിയന്ത്രണാതീതമായി വർദ്ധിച്ചു വരികയാണ്. ചികിത്സയിൽ അച്ചന്മാരെ സഹായിക്കുന്നതിനു വേണ്ടിയാണ് പട്ടക്കാരുടെ ചികിത്സാ സഹായ നിധി ശേഖരിക്കുന്നത്. 2016 ഏപ്രിൽ 1–ന് നിലവിൽവന്ന പട്ടക്കാരുടെ ചികിത്സാ സഹായ പദ്ധതിപ്രകാരം ഓരോ പട്ടക്കാരനും, അദ്ദേഹം ശുശ്രൂഷ ചെയ്യുന്ന ഇടവകയോ സ്ഥാപനമോ അടിസ്ഥാന ശമ്പളത്തിന്റെ 4% വീതം (ആകെ 8%), ചികിത്സാസഹായ പദ്ധതിയുടെ മാസവരി അതാത് മാസത്തിന്റെ 30–ാം തീയതിക്കു മുമ്പായി സഭാ ഓഫീസിൽ അടയ്ക്കേണ്ടതാണ്. സജീവ സേവനത്തിലുള്ള എല്ലാ പട്ടക്കാരും ഈ ചികിത്സാസഹായ പദ്ധതിപ്രകാരം തങ്ങളുടെ വിഹിതം നിർബന്ധമായും അടയ്ക്കേണ്ടതാണ്. വീഴ്ച വരുത്തിയാൽ ശമ്പളത്തിൽ കുറവുചെയ്ത് ട്രസ്റ്ററി മാർ വർഷാവസാനത്തിൽ അടയ്ക്കണമെന്ന അറിയിപ്പ് നൽകേണ്ടിവരുമെന്ന് അനുസ്മരിപ്പിക്കു ന്നു. യഥാസമയം വരിസംഖ്യ അടയ്ക്കാത്ത പട്ടക്കാർക്ക് ഈ നിധിയിൽനിന്നും ഏതു സാഹചര്യ ത്തിലായാലും സഹായം നൽകാൻ സാധിക്കാതെവരും എന്നും അനുസ്മരിപ്പിക്കട്ടെ. സജീവ സേവനത്തിൽ നിന്നും വിരമിച്ച പട്ടക്കാരുടെ വിഹിത ക്രമീകരണം മുൻ പതിവുപോലെ നൽകാ വുന്നതാണ്.

സ്തോത്രകാഴ്ച ശേഖരണം നടക്കാത്ത സാഹചര്യത്തിൽ ഇടവകയുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് സംഭാവനകൾ നൽകാവുന്നതാണ്.

പ്രിയരെ, നമ്മുടെ പട്ടക്കാർ ശരീരത്തിലും മനസ്സിലും ആത്മാവിലും കൂടുതൽ ശക്തി പ്രാപിച്ച് സഭയിലും ലോകത്തിലും ദൈവ മഹത്വത്തിനായി പ്രവർത്തിപ്പാൻ ആവശ്യമായ കൃപകൾ ദൈവം ചൊരിയട്ടെ എന്ന് പ്രാർത്ഥിക്കാം.

കൃപ നിങ്ങളോട് ഏവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2021 ജൂൺ മാസം 2–ാം തീയതി,

Theodosius Metropolitan

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**